**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

-----------------------------------------------------------------------------------

# അപ്പീൽ പരാതി നമ്പർ: P/020/2025

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**
**തീയതി: 23-04-2025**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീ. ജയിംസ് കുട്ടി തോമസ്<br>അമ്പനാട്, **JRWA L27/13**<br>സഹകരണ റോഡ്, ജനത<br>വൈറ്റില പി.ഒ,<br>എറണാകുളം (ജില്ല)-682019 |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, വൈറ്റില, എറണാകുളം ജില്ല. |

## ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരനായ ശ്രീ. ജയിംസ് കുട്ടി തോമസ് ലൈസൻസിയായ **KSEBL** ന്റെ വൈറ്റില ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള ഒരു ഉപഭോക്താവാണ്. ഉപഭോക്തൃ നമ്പർ **1155565026062** ആയ പരാതിക്കാരൻ **11/09/2020** ൽ **5KWP** സോളാർ പ്ലാന്റ് സ്ഥാപിച്ച് ലൈസൻസിയുടെ ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്തു.അങ്ങനെ ഒരു **prosumer** ആയ ഇദ്ദേഹത്തിൽ നിന്നും **FC** ചാർജ് ഈടാക്കിയതിനെക്കുറിച്ചാണ് പരാതി. ലൈസൻസി **11/2022** വരെ **Import** ചെയ്യുന്ന യൂണിറ്റിനു മാത്രമേ **FC** ഈടാക്കിയിരുന്നുള്ളൂ. എന്നാൽ അതിനുശേഷം ലൈസൻസി **FC** ചാർജ് ചെയ്യുന്നത് **Import** ചെയ്യുന്ന

വൈദ്യുതിയും സ്വയം ഉല്പാദിപ്പിച്ചുപയോഗിക്കുന്ന വൈദ്യുതിയും ചേർത്ത് ആകെയുള്ള ഉപഭോഗത്തിന് അനുസരിച്ചാണ്. **KSERC** യുടെ താരിഫ് ഓർഡർ നടപ്പിലാക്കാനായി ലൈസൻസി ഇറക്കിയിട്ടുള്ള സർക്കുലറിൽ ഇങ്ങനെയാണ് പ്രതിപാദിച്ചിരിക്കുന്നത്. കൂടാതെ ലൈസൻസിയുടെ **Billing Software** ആയ ഒരുമ നെറ്റിലും ഈ രീതിയിലുള്ള സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇത് ശരിയല്ല എന്നും അതിന് നിയമസാധുതയില്ല എന്നും പരാതിക്കാരൻ വാദിക്കുന്നു. **KSERC 2020** ൽ ഇറക്കിയിട്ടുള്ള **RE&Net metering regulation** പ്രകാരം **net consumption** ന് മാത്രമേ ചാർജ് ഈടാക്കാവൂ എന്ന് പരാതിക്കാരൻ സ്ഥാപിക്കുന്നു. ലൈസൻസി ഇത് അംഗീകരിക്കാൻ തയ്യാറല്ലാത്തതിനാൽ **CGRF** ൽ പരാതി നൽകുകയും **CGRF** നടപടികൾ പൂർത്തിയാക്കി **21/02/2025** ൽ ഉത്തരവിറക്കുകയും ചെയ്തു. **CGRF** ന്റെ ഉത്തരവിന്റെ അപ്പീലായിട്ടാണ് ഈ പരാതി ഓംബുഡ്സ്മാൻ സമക്ഷം സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരന്റെ വാദം

ജയിംസ് കുട്ടി തോമസ് എന്ന എന്റെ പേരിലുള്ള **3** ഫേസ് വൈദ്യുതി കണക്ഷൻ എറണാകുളം വൈറ്റില **KSEB** ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നുള്ളതും കോൺസ്യൂമർ നമ്പർ **1155565026062** -ഉം ആണ്. എന്റെ ടി കണക്ഷനിൽ **3** ഫേസ് **5kWP** ശേഷിയുള്ള **Ongrid Type Solar Plant 11-09-2020** ന് കമ്മീഷൻ ചെയ്ത് പ്രവർത്തനം തുടങ്ങുക ഉണ്ടായി. അങ്ങനെ ഒരു ഉപഭോക്താവിൽ **(Consumer)** നിന്നും ഒരു സോളാർ വൈദ്യുതോല്പാദകൻ **(Prosumer)** ആയി ഞാൻ മാറി. ഇതിലൂടെ കാർബൺ പുറംതള്ളൽ വഴി കാലാവസ്ഥാ വ്യതിയാനം സംഭവിച്ചു കൊണ്ടിരിക്കുന്ന പ്രപഞ്ചത്തിനെ പിടിച്ചു നിർത്തുവാൻ എന്റേതായ എളിയ സംഭവന നല്കിയത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു. പക്ഷേ, ഇത്തരത്തിൽ മുന്നിട്ടിറങ്ങിയ പൊതുജന സമൂഹത്തെ, അവരുടെ അജ്ഞതയെ മുതലെടുത്ത് കൊണ്ട് സംസ്ഥാനത്തെ **KSEBL** എന്ന ലൈസൻസി പോലെയുള്ള ചില തൽപ്പര്യ കക്ഷികളുടെ ഉപദ്രവം ഭാരതത്തിലെ ഭരണഘടനയ്ക്ക് പോലും വിരുദ്ധമാകുന്നത് അസഹനീയമാണ് എന്ന് ബഹുമാനപ്പെട്ട കേരളാ വൈദ്യുതി ഓംബുഡ്സ്മാൻ മുൻപാകെ താഴെ പറയുന്ന തരത്തിൽ ബോധിപ്പിച്ചു കൊള്ളുന്നു.

എനിക്ക് **2022** നവംബർ മാസം വരെ ലഭിച്ച് കൊണ്ടിരുന്ന വൈദ്യുതി ബില്ലിൽ ഫിക്സഡ് ചാർജ്ജ് വാങ്ങി കൊണ്ടിരുന്നത്, ഞാൻ **KSEB** ഗ്രിഡിൽ നിന്നും **Import** ചെയ്യുന്ന യൂണിറ്റിനെ അടിസ്ഥാനപ്പെടുത്തി കൊണ്ട്

ആയിരുന്നു. പക്ഷേ, ഡിസംബർ മുതൽ എനിക്ക് കിട്ടുന്ന ബില്ലുകളിൽ, അതാത് സമയങ്ങളിൽ ബഹുമാനപ്പെട്ട കേരള വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ ഇറക്കുന്ന താരിഫ് ഉത്തരവുകൾ പ്രകാരമല്ല എന്ന് മനസ്സിലാക്കുകയുണ്ടായി. ഇതിന് ശേഷം ഇന്ന് വരെ, എന്നിൽ നിന്നും വാങ്ങുന്ന ഫിക്സഡ് ചാർജ്ജ് മുകളിൽ സൂചിപ്പിച്ച തരത്തിൽ **Import** മാത്രം പരിഗണിച്ച് കൊണ്ടല്ല. പകരം, **Import**-നൊപ്പം ഞാൻ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയിൽ നിന്നും നേരിട്ട് ഉപയോഗിക്കുന്ന വൈദ്യുതി **(Generated and directly used from the Solar Plant) Import + Self used from the generated electricity**, മൊത്തം ഉപഭോഗം ആയി എടുക്കുകയും അതിനു അനുസരിച്ച് ഉയർന്ന ഫിക്സഡ് ചാർജ്ജ് വാങ്ങുകയും ചെയ്യുന്നു. ഞാൻ ഉല്പാദിപ്പിച്ച വൈദ്യുതിയുടെ ഒരു ഭാഗം മാത്രമാണ് ഞാൻ ഉപയോഗിക്കുന്നത് എന്നിരിക്കെ, ഉല്പാദിപ്പിക്കുന്ന വൈദ്യുതിയ്ക്ക് **(generated electricity)** യാതൊരു തരത്തിലുള്ള ചാർജ്ജുകളും ഈടാക്കുവാൻ നിയമം അനുവദിക്കുന്നില്ല എന്ന് ഞാൻ താഴെ വിവരിക്കുന്നു.

ഒരു ഉപഭോക്താവിന് **(Consumer)**, ഒരു ലൈസൻസി **(Licensee)** നല്കുന്ന **(Supplied)** വൈദ്യുതിയുടെ വില അതാത് **(appropriate)** വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ റെഗുലേറ്ററി കമ്മിഷൻ ഇറക്കുന്ന താരിഫ് നിയമ പ്രകാരം ആയിരിക്കണമെന്ന് ഇലക്ട്രിസിറ്റി നിയമം-**2003 (Electricity Act - 2003)**-ന്റെ വിവിധ വകുപ്പുകളിൽ പ്രതിപാധിക്കുന്നു.

**Section 2. (Definitions): (15) "consumer" means any person who is supplied with electricity for his own use by a licensee or the Government or by any other person engaged in the business of supplying electricity to the public under this Act or any other law for the time being in force and includes any person whose premises are for the time being connected for the purpose of receiving electricity with the works of a licensee, the Government or such other person, as the case may be; ....**

ഒരു ലൈസൻസി **supply** ചെയ്യുന്ന വൈദ്യുതി സ്വീകരിക്കുന്ന വ്യക്തിയെ ആണ് ഉപഭോക്താവ് അഥവാ **Consumer** എന്ന് മുകളിൽ **section 2(15)**-വിൽ നിർവചിച്ചിരിക്കുന്നത്. അങ്ങനെ വിതരണം ചെയ്യുന്ന വൈദ്യുതിയ്ക്ക് സെക്ഷൻ **45** പ്രകാരം ഒരു ലൈസൻസി, ഉപഭോക്താവിൽ നിന്നും **Fixed Charge & Energy Charge** ഈടാക്കാം, റെഗുലേറ്ററി കമ്മിഷൻ തീരുമാനിക്കുന്ന താരിഫ് ഉത്തരവ് പ്രകാരം. ഇങ്ങനെ ഇറക്കുന്ന താരിഫ് തീരുമാനിക്കേണ്ടത് അതാത് റെഗുലേറ്ററി കമ്മിഷൻ തന്നെ ആണെന്ന് സെക്ഷൻ **62**-ൽ

പറയുന്നു. **Section 45(2)(a)** പറയുന്നത് ദയവായി ശ്രദ്ധിച്ചാലും. റെഗുലേറ്ററി കമ്മിഷൻ തീരുമാനിക്കുന്ന "**methods & principles**-നെ അടിസ്ഥാനപ്പെടുത്തി കൊണ്ട് മാത്രമാണ് ഒരു ലൈസൻസി വിതരണം ചെയ്ത വൈദ്യുതിയുടെ വില തീരുമാനിക്കാവൂ എന്ന് ഊന്നൽ നല്കുന്നു.

മുകളിൽ(ഖണ്ഡിക-3)-യിൽ വിവരിച്ചിരിക്കുന്നത് ഒരു ലൈസൻസി വിതരണം ചെയ്യുന്ന വൈദ്യുതിയ്ക്ക് ഒരു ഉപഭോക്താവിൽ നിന്നും വില വാങ്ങുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. സോളാർ വൈദ്യുതോല്പാദകൻ **(Prosumer)** കൂടിയായ എനിക്ക് മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ, ഞാൻ ഒരു ഉപഭോക്താവ് ആയതിനാൽ ബാധകമാണ്. പക്ഷേ, ഞാൻ ഒരു **Prosumer** ആയതിനാൽ റെഗുലേറ്ററി കമ്മിഷന്റെ **Renewable Energy & Net Metering Regulations, 2020** കൂടി എനിക്ക് ബാധകമാണ്. **Renewable Energy & Net Metering Regulations, 2020** ന്റെ റെഗുലേഷൻ **21(3)ii)** പ്രകാരം ഒരു **prosumer** കൂടിയായ എനിക്ക് തരുന്ന ബിൽ, എന്റെ **net electricity consumption**-നെ അടിസ്ഥാനപ്പെടുത്തി കൊണ്ട് ആയിരിക്കണം. അതായത് എന്റെ **Import - Export = Net** ഇത് പൂജ്യത്തിന് മുകളിൽ ആണെങ്കിൽ മാത്രമേ എനിക്ക് ബിൽ തരാവൂ എന്നാണ്. പക്ഷേ, ഇത് **Energy Charge**-ന്റെ കാര്യത്തിൽ മാത്രമേ നടപ്പായി കാണുന്നുള്ളൂ. **Electricity Act, 2003, 45(3)** പ്രകാരമുള്ള ഫിക്സഡ് ചാർജ്ജ്, എനർജി ചാർജ്ജിന് ഒപ്പമുള്ള ചാർജ്ജ് ആയിട്ട് പറയുന്നു. കേരളത്തിലെ റെഗുലേറ്ററി കമ്മിഷൻ ഈ ഫിക്സ്ഡ് ചർജ്ജിന് അടിസ്ഥാനമാക്കി ഇരിക്കുന്നത് ഉപഭോക്താവിന്റെ **Monthly Consumption** ആണ്. ഒരു ഉപഭോക്താവ് കൂടി ആയ **Prosumer** ന്റെ **consumption** എന്തെന്ന് മുകളിൽ സൂചിപ്പിച്ച് റെഗുലേഷൻ **21(3)(ii)**-ൽ പറയുന്നുണ്ട്. അതായത് **only net electricity consumption is chargeable.** അതായത് പലപ്പോഴും ഒരു **Prosumer**-നെ സംബന്ധിച്ച് ഈ **factor** പൂജ്യം ആയിരിക്കും. ഫിക്സ്ഡ് ചാർജ്ജ് എന്നത് **Electricity Act-2003** പ്രകാരം താരിഫിന്റെ ഭാഗമായിരിക്കുകയും, അത് തീരുമാനിക്കേണ്ടത് **Regulatory Commission** തീരുമാനിക്കുന്ന **Methods & the Principles** പ്രകാരം ആയിരിക്കുകയും ചെയ്യണം എന്നും ഇതേ ആക്ടിൽ പറഞ്ഞിരിക്കുന്നതിനാൽ, ബഹുമാനപ്പെട്ട കേരളത്തിലെ റെഗുലേറ്ററി കമ്മിഷൻ, ബന്ധപ്പെട്ട താരിഫ് ഉത്തരവുകളിലോ റെഗുലേഷനുകളിലോ മറ്റൊരു വ്യക്തതയും നടത്താത്തിടത്തോളം കാലം മുകളിൽ സൂചിപ്പിച്ച് റെഗുലേഷനിലെ **21(3)(ii) net electricity consumption** നില നിൽക്കുന്നു **(still prevail).** ആയതിനാൽ **Net Energy** പൂജ്യം ആകുന്ന ഒരു **Prosumer**-ൽ നിന്നും പരമാവധി, അതാത് താരിഫ് ഉത്തരവ് പ്രകാരമുള്ള ഏറ്റവും കുറഞ്ഞ **Fixed Charge** തുക മാത്രമേ വാങ്ങുവാൻ പാടുള്ളൂ എന്ന് ഇവിടെ സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നു.

സംസ്ഥാനത്ത് ആദ്യമായി **KSERC Order under OA NO. 15/2018 Dated 8/7/19** എന്ന താരിഫ് ഉത്തരവ് പ്രകാരം ആണ് ഗാർഹിക കണക്ഷനുകൾക്ക് ഫിക്സഡ് ചാർജ്ജ് **Monthly Consumption Slab** അടിസ്ഥാനപ്പെടുത്തി തുടങ്ങുന്നത്. ഈ താരിഫ് ഉത്തരവിൽ എന്നെ പോലെയുള്ള **Prosumer**-ന് എങ്ങനെ ആണ് **Monthly Consumption** എടുക്കേണ്ടത് എന്ന് എടുത്തു പറഞ്ഞിട്ടില്ലാരുന്നു. അതുകൊണ്ട് **KSEB** തന്നെ സ്വന്തമായി ഇറക്കിയ **KSEBL/TRAC/Tariff Revision/2019-2020/230 Dated 11/07/2019** എന്ന **Circular**-ൽ **(Exhibit No.4) item number 9** ആയി ഇങ്ങനെ നിർദ്ദേശം നല്കി **Fixed Charge for net metered solar consumers shall be levied for their total consumption.** എന്നാൽ ഈ **Circular** ൽ **Total Consumption** എന്നതിന്റെ വിശദീകരണം ഇല്ലായിരുന്നു. മുകളിൽ ഖണ്ഡിക **2**-ൽ വിശദീകരിച്ചത് പോലെ **2022** നവംബർ വരെ ഒരു **Prosumer,** ഗ്രിഡിൽ നിന്നും എടുക്കുന്ന **Import Energy**-യ്ക്ക് മാത്രമാണ് **Fixed Charge** ഈടാക്കിയിരുന്നത്. പക്ഷേ, അതിനു ശേഷം മുകളിൽ വിവരിച്ച തരത്തിൽ **Prosumer** ഉല്പാദിപ്പിച്ച് നേരിട്ട് ഉപയോഗിക്കുന്ന വൈദ്യുതി കൂടി **Import**-ന്റെ കൂടെ ചേർത്ത് **Total Consumption = Import+Direct used energy** എന്ന തരത്തിൽ ലൈസൻസി തന്നെ സ്വയം തീരുമാനിച്ചു ഫിക്സ്ഡ് ചാർജ്ജ് പിരിച്ചു തുടങ്ങുക ആയിരുന്നു. ഇതിന് അടിസ്ഥാനമായി **Electricity Act 2003** പ്രകാരം താരിഫ് തീരുമാനിക്കുവാനുള്ള അധികാരി ആയ റെഗുലേറ്ററി കമ്മിഷന്റെ യാതൊരു ഉത്തരവും കണ്ടില്ല. ഒരു സുപ്രഭാതത്തിൽ ഇങ്ങനെ ഒരു മാറ്റം വരുത്തുവാൻ ലൈസൻസി ആയ **KSEB**-യ്ക്ക് യാതൊരു അധികാരവും **Electricity Act-2003** -ലോ റെഗുലേറ്ററി കമ്മിഷന്റെ ബന്ധപ്പെട്ട ഉത്തരവുകളിലോ റെഗുലേഷനുകളിലോ പറയുന്നില്ല എന്ന് ഇവിടെ സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നു. അതിലുപരി **Import** നൊപ്പം ഇവിടെ ചേർത്തത് **Prosumer** ഉല്പാദിപ്പിച്ച വൈദ്യുതി **(generated electricity)** ആണെന്നും അതിന് ഇത്തരത്തിലുള്ള യാതൊരു ചാർജ്ജുകളും പാടില്ല എന്ന് തുടർന്നുള്ള ഖണ്ഡികകളിൽ അതാത് നിയമങ്ങൾ കാണിച്ചു കൊണ്ട് തന്നെ വിവരിക്കുന്നു. മുകളിൽ വിവരിച്ച ലൈസൻസിയുടെ സ്വന്തം **Circular**-ന്റെ ഏറ്റവും **latest version KSEBL/TRAC/G/Tariff Revision/2024-2025/1088 Dated 26/12/2024** എന്നതാണ്. ഇതിലെ **Point No. 9** എന്നത് മുകളിൽ കാണിച്ച അതേ വാചകം ആണ് **Fixed Charge for net metered solar consumers shall be levied for their total consumption.**

**Prosumer**-ൽ വാങ്ങുന്ന ഈ അധിക ഫിക്സ്ഡ് ചാർജ്ജ് അവർ ഉല്പാദിപ്പിച്ച വൈദ്യുതിയുടെ നേരിട്ട് **consume** ചെയ്ത ഭാഗം കൂടി ചേർത്ത് ആണെന്ന് ഉള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ടത് ആണ്. ഇത് ലൈസൻസി വിതരണം

(supplied) ചെയ്ത വൈദ്യുതിയുടെ ഭാഗം അല്ല. ഇത് generated electricity-യുടെ ഭാഗം ആണ്. ഇങ്ങനെ വാങ്ങുന്നതിന് ലൈസൻസിയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യാഖ്യാനം ഇങ്ങനെ ആണ് ഈ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ഗ്രിഡിൽ നിന്നുള്ള വൈദ്യുതി ഇല്ലാതെ പറ്റില്ലല്ലോ, ആയതിനാൽ ഈടാക്കുന്ന ഒരു ചാർജ്ജ് ആണ് ഇതെന്ന്.

കേന്ദ്ര സർക്കാരിന്റെ **Ministry of Power**-ൽ നിന്നുള്ള **F.No. 09/01/2023-RCM Dated 25/10/2023** എന്ന **Circular** ദയവായി പരിശോധിക്കുക. ഒരു സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയ്ക്ക് **development fee / charges / fund** എന്ന തരത്തിൽ യാതൊരു വിധ ചാർജ്ജുകളും സംസ്ഥാനം വാങ്ങരുത് എന്ന്, രാജ്യത്തെ ഭരണ ഘടനയിലെ വകുപ്പുകൾ ഉദ്ധരിച്ച് കൊണ്ട് ഇതിൽ പറയുന്നു. ഒരു സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിക്കുന്നത് ഒരു പക്ഷേ മറ്റൊരു സംസ്ഥാനത്ത് ആയിരിക്കുമെന്നും അങ്ങനെ ഏതെങ്കിലും തരത്തിലുള്ള അധിക ചാർജ്ജ് ഈടാക്കണമെങ്കിൽ അതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണെന്നും വിശദീകരിക്കുന്നു.

**Electricity Act, 2003** വകുപ്പ് **62(6)** പ്രകാരം റെഗുലേറ്ററി കമ്മിഷൻ തീരുമാനിച്ച നിരക്കിന് ഉപരിയായി ഒരു ലൈസൻസി വൈദ്യുതിയ്ക്ക് വില വാങ്ങിയാൽ ബാങ്ക് നിരക്ക് പ്രകാരമുള്ള പലിശ ഉൾപ്പടെ അത് ഉപഭോക്താവിന് തിരികെ നല്കണം എന്നുള്ളതാണ്.

**Electricity Act, 2003:- Section 62(6):- If any licensee or a generating company recovers a price or charge exceeding the tariff determined under this section, the excess amount shall be recoverable by the person who has paid such price or charge along with interest equivalent to the bank rate without prejudice to any other liability incurred by the licensee.**

മുകളിൽ ഉദ്ധരിച്ച **8** ഖണ്ഡികകളുടെയും അടിസ്ഥാനത്തിൽ വൈറ്റില **KSEB** ഇലക്ട്രിക്കൽ സെക്ഷനിലെ കോൺസ്യൂമർ നമ്പർ **1155565026062** - പ്രകാരമുള്ള ഒരു **Prosumer** ആയ ഞാൻ എന്റെ **2025** ഫെബ്രുവരിയിലെ വൈദ്യുതി ബിൽ ഉദാഹരണമായി എടുത്തു കൊണ്ട് എന്റെ അന്യായം **(Grievance)** താഴെ വിവരിക്കുന്നു. ഈ ബിൽ പ്രകാരം എന്റെ **Net Energy Consumption** പൂജ്യം ആണ് **(Import-Export)**. ഇതിൽ, **Import = 322 units Export = 682 units.** മൊത്തം വൈദ്യുതി ഉല്പാദനം **(Total Generation) units = 797 units. Direct used from self generation = 797 - 682 = 115 units.** മുകളിൽ

ഖണ്ഡിക 4-ൽ സൂചിപ്പിച്ച **Renewable Energy & Net Metering Regulations, 2020**-ന്റെ റെഗുലേഷൻ **21(3)(ii)** പ്രകാരമുള്ള **net electricity consumption**-ന്റെ അടിസ്ഥാനത്തിൽ ആണ് ലൈസൻസി ആയ **KSEB** ഒരു **Prosumer** ആയ എനിക്ക് ബിൽ തരേണ്ടത്. ഇതനുസരിച്ച് നിലവിലുള്ള താരിഫ് **Order dated 05.12.2024 in OP No. 18/2023** പ്രകാരം എന്നിൽ നിന്നും വാങ്ങാവുന്ന ഫിക്സഡ് ചാർജ്ജ് **120** രൂപ മാത്രമാണ്. **2022** നവംബർ വരെ വാങ്ങി കൊണ്ടിരുന്ന തരത്തിൽ ആണെങ്കിൽ **Import**-നെ അടിസ്ഥാനപ്പെടുത്തി കൊണ്ട് വാങ്ങാവുന്ന തുക **235** രൂപ ആണ്. പക്ഷേ, എന്നിൽ നിന്നും വാങ്ങിയത് **265** രൂപ ആണ്. ഇവിടെ ഞാൻ മനസ്സിലാക്കുന്നത്, ഞാൻ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയിൽ നിന്നും നേരിട്ട് ഉപയോഗിച്ച **115** യൂണിറ്റ് കൂടി **Import** ആയ **322** യൂണിറ്റിനൊപ്പം കൂട്ടി **322 + 115 = 437** യൂണിറ്റിന് ആണ് ഫിക്സഡ് ചാർജ്ജ് വാങ്ങിയിരിക്കുന്നത്. മുകളിൽ ഖണ്ഡിക **1** മുതൽ **8** വരെ വിവരിച്ച വിവിധ നിയമങ്ങൾ പ്രകാരം ഇത്തരം വലിയ തുക വാങ്ങുന്നതിന് അടിസ്ഥാനമില്ല. ഈ സാഹചര്യത്തിൽ നാളിതു വരെ എന്നിൽ നിന്നും വാങ്ങിയിട്ടുള്ള അധിക ഫിക്സഡ് ചാർജ്ജ് **Electricity Act, 2003 Section 62(6)** പ്രകാരം പലിശ സഹിതം തിരികെ തരണം എന്നുള്ളതാണ് എന്റെ ആവശ്യം. ഇതിനായി **Renewable Energy & Net Metering Regulations, 2020**-ന്റെ റെഗുലേഷൻ **21(3)** പ്രകാരമുള്ള ഒരു **Prosumer** ആയ എന്റെ **net electricity consumption** പരിഗണിച്ച് വേണം തീരുമാനം എടുക്കേണ്ടത് എന്നും അപേക്ഷിക്കുന്നു.

മുകളിൽ വിവരിച്ച **8** ഖണ്ഡികകളിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ എന്റെ ഇനിപ്പറയുന്ന പ്രാർത്ഥനകൾ **(Prayers)** കേൾക്കണമെന്നും, അതനുസരിച്ച് ഉത്തരവുകൾ **(Orders)** പുറപ്പെടുവിക്കണമെന്നും അപേക്ഷിക്കുന്നു.

**i.** അധിക ഫിക്സഡ് ചാർജിന്റെ നിയമവിരുദ്ധമായ പിരിവ് ഉടനടി നിർത്തലാക്കേണ്ടതാണ്. **(Illegal collection of excess fixed charge may be stopped immediately.)**
**ii.** കെ.എസ്.ഇ.ആർ.സിയുടെ അംഗീകാരമില്ലാതെ പിരിച്ചെടുത്ത അധിക തുക പലിശ സഹിതം തിരികെ നല്കേണ്ടതാണ്. **(Excess amount collected without KSERC authorisation may be refunded with interest.)**
**iii.** ഹർജിയുടെ ചെലവിനും ചെലവഴിച്ച മനുഷ്യ മണിക്കൂറുകൾക്കും ചെലവ് അനുവദിക്കേണ്ടതാണ്. **(Cost may be allowed towards the expense of the petition and the human hours spent)**

**iv.** അകാരണമായ അമിത വൈദ്യുതി ബില്ലുകളുടെയുള്ള ഉപദ്രവത്തിന് ഉത്തരവാദികളായ ലൈസൻസി ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് ശുപാർശ ചെയ്യണം.**(Action may be recommended against the licensee officials who are responsible for harassment by the unreasonable excessive electricity bills**

## എതിർകക്ഷിയുടെ വാദം

The Consumer number 1155565026062 in favour of Sri. Jameskutty Thomas, Ambanadu, JRWA L-27/13, Sahakarana Road, Vyttila, Kochi - 682019 is a 3 phase domestic connection under Electrical Section Vyttila. The registered connected load in the premises is 7700 watts and date of connection is 23/07/2020. Consumption based TOD tariff and billing is implemented for this connection.

In Kerala State Electricity Regulatory Commission (KSERC) Regulation 2020 (RE and Net Meter), clause 21 (and its all sub clauses) doesnot stipulate that the licensee shall collect the fixed charge only for the import units of the prosumer. KSEB issued the current charge bill based on the consumption only. Fixed charge for domestic consumers and prosumers are decided as per the tariff order issued by the KSERC from time to time and the licensee (KSEB) is strictly following this order and in the Petitioners case also, the bills are issued strictly as per the above tariff order.

The Hon'ble forum may pleased to accept the above facts submitted by the Respondent and petition may be dismissed which has no basis either on law or on facts.

Hon'ble Consumer Grievance Redressal Forum (CGRF) Ernakulam region dismissed the same petition in its Order dated 21/02/2025 and ordered that the Petitioner has to remit the fixed charge as per prevailing tariff order issued by the licensee.

## പരാതിക്കാരന്റെ എതിർവാദം

എതിർ കക്ഷിയുടെ വാദങ്ങൾക്ക് പ്രതിവാദങ്ങൾ നേരത്തേ സമർപ്പിട്ടുള്ളതാണ്. ഇതിൽ പറഞ്ഞ കാര്യങ്ങൾക്കു പുറമെ താഴെ പറയുന്ന വസ്തുതകൾ കൂടി കണക്കിലെടുക്കണം.

**(A)** എന്താണ് ഫിക്സ്ഡ് ചാർജ്ജ് :- വൈദ്യുതി നിയമം **2003** -ലെ സെക്ഷൻ **45 & 62** പ്രകാരം ഒരു ലൈസൻസി നല്കുന്ന വൈദ്യുതിയ്ക്ക് ഒരു ഉപഭോക്താവ് നല്കേണ്ട വില (താരിഫ്) തീരുമാനിക്കുന്നത് ബന്ധപ്പെട്ട സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ ആണ്. ഈ താരിഫിന് രണ്ട് ഭാഗങ്ങളാണ്

**(Two Part)** ഈ നിയമങ്ങളിൽ പറഞ്ഞിരിക്കുന്നത്; **(i)** എനർജിയുടെ വില (ഉപയോഗിക്കുന്ന വൈദ്യുതിയുടെ വില) **(ii)** ഫിക്സ്ഡ് ചാർജ്ജ്. ഈ താരിഫ് ബന്ധപ്പെട്ട കമ്മിഷൻ തീരുമാനിക്കുന്ന **"Methods & Principles"** പ്രകാരം തന്നെ ആയിരിക്കണമെന്ന് സെക്ഷൻ **45(2) (a)**-യിൽ എടുത്തു പറഞ്ഞിട്ടുണ്ട്. ഈ താരിഫ് ഉത്തരവ് പ്രകാരം ഒരു ലൈസൻസിയിൽ നിന്നും വാങ്ങുന്ന വൈദ്യുതിയ്ക്ക് ഒരു ഉപഭോക്താവ് വില നല്കുവാൻ ബാധ്യസ്ഥൻ ആണ്.

**(B)** പുനരുപയോഗ പ്ലാന്റുകൾ സ്ഥാപിക്കുന്ന ഒരു ഉപഭോക്താവ് **KSERC (Renewable Energy & Net Metering) Regulations-2020 2(1)(bc)** പ്രകാരം **Prosumer** എന്ന വിഭാഗത്തിലേക്ക് മാറുന്നു.

**"Prosumer" means a captive consumer, having a renewable energy system installed at the same premise he consumer who generates and consumes the electricity generated from such renewable energy em and who can also inject the surplus power from the renewable energy system into the grid g the same network;**

**Electricity Act-2003** വകുപ്പ് **2(15)** പ്രകാരം നിർവചിച്ചിട്ടുള്ള ഒരു ഉപഭോക്താവ് **(Consumer)** മേൽവിവരിച്ച **Prosumer** എന്ന വിഭാഗത്തിലേക്കും കൂടി മാറുമ്പോൾ **KSERC (Renewable Energy & Net Metering) Regulations-2020** പ്രകാരമുള്ള പല ആനുകൂല്യങ്ങളും ഉത്തരവാദിത്വങ്ങളും അവനിൽ ഭാരമേൽപ്പിക്കപ്പെടുന്നു.

എതിർ കക്ഷി ഇവിടെ പറഞ്ഞിരിക്കുന്ന **KSERC (Renewable Energy & Net Metering) Regulations-2020** വകുപ്പ് **21**-ൽ **Prosumer**-ൽ നിന്നും ഫിക്സ്ഡ് ചാർജ്ജ് വാങ്ങരുത് എന്ന് പറഞ്ഞിട്ടില്ല എന്നുള്ള വളരെ ബലഹീനമായ വാദം തികച്ചും അസംബന്ധം ആണെന്ന് പറയാതെ വയ്യ. **Prosumer**-ൽ നിന്നും ഫിക്സ്ഡ് ചാർജ്ജ് വാങ്ങണം എന്നുണ്ടെങ്കിൽ **KSERC (Renewable Energy & Net Metering) Regulations-2020** എന്ന നിയമത്തിൽ എവിടെയെങ്കിലും അങ്ങനെ പറഞ്ഞിട്ടുണ്ടോ എന്നു പരിശോധിക്കേണ്ടതാണ്. ഈ റെഗുലേഷൻ വകുപ്പ് **(28)** പ്രകാരം **Renewable Power Generator supplying power to a third party by availing open access of the distribution system of a licensee shall pay to the license;** എന്ന് പറഞ്ഞു കൊണ്ട് വിവിധ ചാർജ്ജുകൾ പറയുന്നുണ്ട്. പക്ഷേ, ഇതേ നിയമത്തിൽ വകുപ്പ് **21(6)** പ്രകാരം **Net Metering**-ലുള്ള ഒരു **Prosumer**-ൽ നിന്നും ഈ പറഞ്ഞ ചാർജ്ജുകളും വാങ്ങരുത് എന്ന് പറഞ്ഞിട്ടുണ്ട്. എതിർകക്ഷി

ഉൾപ്പെടുന്ന **KSEBL**-ലെ പല ഉദ്യോഗസ്ഥരും സമാനമായ കേസുകളിൽ, ഈ പറഞ്ഞ ചാർജ്ജുകളിൽ ഫിക്സ്ഡ് ചാർജ്ജ് പറഞ്ഞിട്ടില്ലാത്തതിനാൽ "അത് വാങ്ങാം' എന്ന് വ്യാഖ്യാനിക്കാറുണ്ട്. ഇത്തരത്തിലുള്ള വ്യാഖ്യാനങ്ങൾക്കല്ല, നിയമത്തിനാണ് പ്രാധാന്യം എന്നു ഇത്തരുണത്തിൽ പറയുവാൻ ആഗ്രഹിക്കുന്നു. **KSEB**-യുടെ ഗ്രിഡ് **supply** ഇല്ലെങ്കിൽ **Solar Renewable Energy Generation** നടക്കില്ല എന്നതിനാൽ ഗ്രിഡ് സപ്പോർട്ടിങ് ചാർജ്ജ് എന്ന തരത്തിൽ ഫിക്സ്ഡ് ചാർജ്ജിനെ വ്യാഖാനിക്കുന്നതായും കാണാറുണ്ട്. പക്ഷേ, **KSERC (Renewable Energy & Net Metering) Regulations-2020** വകുപ്പ് **2(1)(aa) & (ab)**-ൽ ഇങ്ങനെ ഗ്രിഡ് സപ്പോർട്ടിങ് ചാർജ്ജ് വാങ്ങരുത് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

എതിർ കക്ഷി ഇവിടെ പറഞ്ഞിരിക്കുന്ന **KSERC (Renewable Energy & Net Metering) Regulations-2020** വകുപ്പ് **21(2)**-ൽ പറഞ്ഞിരിക്കുന്നത് ഒരു **prosumer**-ക്ക് ബിൽ നല്കുന്ന ലൈസൻസി "**information**-ന് വേണ്ടി **Generation** വിശദാംശങ്ങൾ കൂടി നല്കണം എന്നാണ്. പക്ഷേ, ഇവിടെ ഇതേ നിയമം വകുപ്പ് **18(5)(iii)** പ്രകാരം സ്ഥാപിക്കുന്ന **Renewable Energy Meter**-ലെ **reading** ബില്ലിംഗ് ഉദ്ദേശ്യത്തിനായി ഉപയോഗിക്കുന്നു. അതായത് ഈ മീറ്ററിൽ നിന്നും കിട്ടുന്ന റീഡിംഗ് ആണ് ഈ പരാതിയിൽ ഉന്നയിച്ച തരത്തിൽ നിയമപരമല്ലാത്ത ഫിക്സ്ഡ് ചാർജ്ജ് വാങ്ങുവാൻ ഉപയോഗിക്കുന്നത്. ഇങ്ങനെ വാങ്ങുന്നത് **CEA Metering Regulations 2006** - ന്റെ വിവിധ വകുപ്പുകൾ പ്രകാരം തെറ്റാണ്. ഒരു **generating company**-യിൽ സ്ഥാപിക്കുന്ന **meter** ആ **generating company** യ്ക്കോ **licensee**-യ്ക്കോ സ്ഥാപിക്കാമെന്നും, ഇത് **Energy accounting and audit meters** വിഭാഗത്തിൽ വരുന്നതും ആണെന്ന് കാണാവുന്നതാണ്. ഒരു ഉപഭോക്താവിന് **billing** ന് വേണ്ടി ഉപയോഗിക്കാവുന്ന മീറ്ററിന്റെ പ്രത്യേകതകൾ ഈ നിയമത്തിൽ പല സ്ഥലങ്ങളിലായി പ്രതിപാദിക്കുന്നുണ്ട്. **KSERC (Renewable Energy Regulations-2020** വകുപ്പ് **20(2)**-ൽ സൂചിപ്പിക്കുന്ന തരത്തിലുള്ള **RPO (Renewable Purchase Obligations)**-യ്ക്കും **21(2)**-ൽ സൂചിപ്പിക്കുന്ന തരത്തിൽ ബില്ലിനോടൊപ്പം ആവശ്യമായ "**informations**" നല്കുന്നതിനും മാത്രമാണ് ഉപയോഗിക്കേണ്ടത്.

എതിർ കക്ഷി ഇവിടെ പറഞ്ഞിരിക്കുന്ന **KSERC (Renewable Energy & Net Metering Regulations-2020** വകുപ്പ് **21(3)(ii)**-ൽ പറഞ്ഞിരിക്കുന്ന പ്രകാരം ഒരു **Prosumer**-ക്ക് ബിൽ നല്കേണ്ടത് "**net electricity consumption**" പ്രകാരമാണ്. അതായത് ഓരോ മാസവും **Export+Bank, Import**-നേക്കാൾ കൂടുതൽ ആണെങ്കിൽ **5/12/24**-ലെ താരിഫ് ഉത്തരവ് **pare A (1)** പ്രകാരം കമ്മിഷൻ

പ്രഖ്യപിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ ഫിക്സ്ഡ് ചാർജ്ജ് മാത്രമേ ലൈസൻസിയ്ക്ക് ഒരു **Prosumer**-ൽ നിന്നും വാങ്ങുവാൻ സാധിക്കുകയുള്ളൂ. അതല്ലാതെ **Electricity Act, 2003** വകുപ്പ് **45(2)(a)** പ്രകാരം ഒരു കമ്മിഷൻ തീരുമാനിക്കുന്ന **"Methods & Principles**'-നെ ഒരു സർക്കുലറിലൂടെ വളച്ചൊടിച്ച് വ്യാഖാനിച്ച് നടപ്പാക്കുവാൻ ഒരു ലൈസൻസി മാത്രമായ **KSEBL**-ന് അധികാരമില്ല. ഫിക്സ്ഡ് ചാർജ്ജ് സംബന്ധിച്ചുള്ള ഈ വിഷയത്തിൽ **KSERC** തന്നെയാണ് തീരുമാനം എടുക്കേണ്ടത് എന്ന **CGRF** ന്റെ വിധിന്യായങ്ങളിൽ കാണുന്ന **point** ന്യായീകരിക്കാവുന്നതല്ല. ഈ പ്രശ്നങ്ങൾ തുടക്കത്തിൽ തന്നെ ബഹു. കമ്മിഷന്റെ ശ്രദ്ധയിൽ കൊണ്ട് വന്നിട്ടുള്ള കാര്യമാണ്. ഇതിനായി **KSERC Order under OP No. 64/2022 dated 23/02/2023** പരിശോധിക്കാവുന്നതാണ്. ഇതിന്റെ പ്രസക്തമായ ഭാഗങ്ങൾ ഒപ്പം സമർപ്പിക്കുന്നു. ഇതിൽ ബഹു. കമ്മിഷൻ നല്കിയിരിക്കുന്ന നിർദ്ദേശം ബന്ധപ്പെട്ട **KSEBL** സെക്ഷൻ ഓഫീസിൽ പരാതി നല്കുവാനാണ്. ആ ഉപദേശം ആണ് സെക്ഷൻ സ്വീകരിച്ചിരിക്കുന്നതും പരാതി നല്കിയതും.

നേരത്തെ നല്കിയ പരാതിക്കാരന്റെ വാദങ്ങൾ കൂടാതെ മുകളിൽ വിവരിച്ച കാര്യങ്ങൾ കൂടി പറയുന്ന പരിഹാരങ്ങൾ ചെയ്തു തരണമെന്ന് പരിഗണിച്ച് ബഹു: ഓംബുഡ്സ്മാൻ താഴെ അപേക്ഷിക്കുന്നു

**i. RE** റഗുലേഷൻ വ്യവസ്ഥ ചെയ്യുന്ന **Net electricity consumption** ന് മാത്രമെ **FC** ചുമത്താവു എന്ന് ലൈസൻസിക്ക് നിർദേശം കൊടുക്കുക

**ii.** തെറ്റായ രീതിയിൽ **FC** ചുമത്തിയത് പുനരവലോകനം ചെയ്ത് ഇത് വരെ അധികം ഈടാക്കിയ തുക അർഹമായ പലിശ സഹിതം നിശ്ചിത സമയ പരിധിക്കകം തിരികെ ലഭിക്കുക

**ii.** നിയമവിരുദ്ധമായി ഈടാക്കുന്ന ഒരു കാര്യത്തിനു വേണ്ടി **AE** തലം മുതൽ നടത്തിയ വിവിധ ശ്രമങ്ങൾക്ക് വന്ന ചിലവ് ഈടാക്കിക്കിട്ടുക.

**v.** നിയമ വിരുദ്ധമായ ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ലൈസൻസിക്ക് നിർദ്ദേശം കൊടുക്കുക.

## <u>വിശകലനവും കണ്ടെത്തലുകളും</u>

അപ്പീൽ പരാതിയുടെ വാദം **22/04/2025**-ന് രാവിലെ **11:00**-ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ, ഡി.എച്ച് റോഡ്, എറണാകുളം ഓഫീസിൽ വെച്ച് നടന്നു. പരാതിക്കാരനായ ശ്രീ.ജയിംസ് കുട്ടി തോമസ് എതിർകക്ഷി ശ്രീ.കെ.രജിത്ത് കുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, വൈറ്റില, എറണാകുളം(ജില്ല) എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്.

ലൈസൻസിയായ **KSEBL** ന്റെ വൈറ്റില ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ വരുന്ന ഉപഭോക്താവായ പരാതിക്കാരൻ **grid interactive solar** വീട്ടിൽ സ്ഥാപിക്കുക വഴി ഒരു **prosumer** ആയി മാറി. ഇദ്ദേഹത്തിന്റെ വൈദ്യുത ബില്ലിൽ **fixed charge** ഈടാക്കുന്നത് നിയമവിധേയമായിട്ടല്ല എന്നാണ് വാദം. നൽകുന്ന വൈദ്യുതിയ്ക്ക് ലൈസൻസി ബില്ല് നൽകുമ്പോൾ പ്രധാനമായും രണ്ട് ഘടകങ്ങളായാണ് ചാർജ് ഈടാക്കുന്നത്. **(1) Fixed charges (2) Consumption charges. 2003** ലെ വൈദ്യുത നിയമത്തിലെ **Section 45** പ്രകാരമാണ് ഇവ ഈടാക്കുന്നത്. പരാതിക്കാരൻ വാദിക്കുന്നത് **11/2022** വരെ **Import** ചെയ്ത വൈദ്യുതിയ്ക്ക് മാത്രമേ **F.C** ഈടാക്കിയിരുന്നുള്ളൂ എന്നും അതിനുശേഷമുള്ള ബില്ലുകളിലാണ് ആകെ **consumption** ആധാരമാക്കിയാണ് ബില്ലു ചെയ്യുന്നതെന്നുമാണ്. എന്നാൽ ബില്ലുകൾ പരിശോധിച്ചതിൽ നിന്നു **11/22** ബില്ലിലും **12/22** ബില്ലിലും **FC** ഒരേ തുകയാണ് ഈടാക്കിയിരിക്കുന്നത്(അതായത് **Fixed charge - 175** രൂപ).

**Section 45. (Power to recover charges):** --

(1) Subject to the provisions of this section, the prices to be charged by a distribution licensee for the supply of electricity by him in pursuance of section 43 shall be in accordance with such tariffs fixed from time to time and conditions of his licence.

(2) The charges for electricity supplied by a distribution licensee shall be -

- (a) Fixed in accordance with the methods and the principles as may be specified by the concerned State Commission;
- (b) Published in such manner so as to give adequate publicity for such charges and prices.

(2) The charges for electricity supplied by a distribution licensee may include

- (a) a fixed charge in addition to the charge for the actual electricity supplied;
- (b) a rent or other charges in respect of any electric meter or electrical plant provided by the distribution licensee.

ഇങ്ങനെ ഈടാക്കേണ്ട ചാർജ് എത്രയെന്ന് തീരുമാനിക്കേണ്ടത് **Kerala State Electricity Regulatory Commission** ആണ്. ഓരോ തവണയും ഇറക്കുന്ന താരിഫ് ഓർഡർ വഴിയാണ് ഈ നിയമം പ്രാവർത്തികമാക്കിയിരിക്കുന്നത്. **KSERC** ഇറക്കിയിരിക്കുന്ന താരിഫ് ഓർഡറിൽ ഗാർഹിക കണക്ഷനുകൾക്കും **Fixed charge** ഉം **Energy** ചാർജും പ്രത്യേകം **slab** കളിലായി നിജപ്പെടുത്തിയിരിക്കുന്നു. **Monthly consumption** നെ അടിസ്ഥാന മാക്കി പല **slab** കളിലായാണ് **Fixed charge** നിശ്ചയിച്ചിരിക്കുന്നത്. **Monthly**

**consumption** എന്നതുകൊണ്ട് ആകെ **consumption** എന്നതാണ് അർത്ഥമാക്കിയിരിക്കുന്നത് എന്നതാണ് എതിർകക്ഷി സ്ഥാപിക്കുന്നത്.

**Oruma net** പ്രകാരം

**Consumption = Import energy + Self generation - Export energy**

അതായത്,

ആകെ ഉപഭോഗം = **Import energy + Self generated & Self used energy**

എന്ന ഫോർമുലയിലൂടെയാണ് ആകെ ഉപഭോഗം കണക്കാക്കിയിരിക്കുന്നത്. താരിഫ് ഓർഡർ നടപ്പിലാക്കുന്നതിന് വേണ്ടി ലൈസൻസി ഇറക്കിയിരിക്കുന്ന സർക്കുലറിലും ഇങ്ങനെയാണ് **FC** ഈടാക്കേണ്ടത് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. **KSERC** ഇതുവരെയും ഈ സർക്കുലറിനെതിരെ നടപടിയൊന്നും എടുത്തിട്ടില്ല. എന്നാൽ **Electricty Act 2003, Section 45** പ്രകാരം ലൈസൻസി നൽകുന്ന **(supplied)** വൈദ്യുതിയ്ക്ക് ചാർജ് ഈടാക്കാമെന്നാണ് വിശദമാക്കുന്നത്.

**2020** ൽ **Kerala State Electricity Regulatory Commission** ഇറക്കിയിട്ടുള്ള **RE and Net metering regulation** ലെ റെഗുലേഷൻ **21** ൽ **Net metering, Energy Accounting, Banking and Settlement** നെക്കുറിച്ച് വിശദമാക്കിയിരിക്കുന്നു.

**Section 21. Net metering, Energy Accounting, Banking and Settlement.**

*(**1**)The distribution licensee shall take the meter reading of the 'renewable energy system' regularly for each 'billing period' and record the readings of both the renewable energy meter and net meter.*

*(**2**)For each billing period, the distribution licensee shall make the following information available in its bill to the prosumer.*

i. *Time period wise (normal hours, peak hours and off-peak hours) Renewable energy generation recorded in the energy meter for the prosumer with connected load above 20 KW, total generation from the RE system for the prosumers with connected load 'of and below 20 KW'.*
ii. *Time period wise electricity consumption of the prosumer with connected load above 20KW, and total consumption in the case of the prosumer with connected less than 20 KW.*
iii. *Net billed electricity, if any, for which payment is to be made by the prosumer;*
iv. *Excess energy brought forward from the last billing period;*
v. *Excess energy carried forward to the next billing period.*

*(**3**)The energy accounting, banking and settlement of energy generated, drawn and injected by a prosumer with connected load of and below 20 KW shall be done as below;*

i. *The distribution licensee, during a billing period shall extend the facility to the prosumer having connected load of and below 20 KW under net metering arrangements, to draw back from the grid, the electricity injected during a time block at a different time period without any restriction.*
ii. *In case the electricity supplied by the distribution licensee during any billing period exceeds the electricity injected in to the grid by the prosumer from his renewable energy system, the distribution licensee shall raise a bill for the net electricity consumption at the prevailing tariff, after adjusting any excess electricity banked from the previous billing period;*
iii. *In case the electricity injected by the prosumer's renewable energy system exceeds the electricity consumed from the distribution licensee during the billing period, such excess energy shall be allowed to be banked and be carried forward to the next billing period as specified under Regulation 20(1) above.*

ഇവിടെ **21(3) (11)** ൽ പറയുന്നത് ലൈസൻസി **net electricity consumption** ന് നിലവിലുള്ള താരിഫ് പ്രകാരം ബില്ല് നല്കേണ്ടതാണെന്നാണ്. ഈ **net electricity consumption** എന്നത് താരിഫ് പ്രകാരമുള്ള **energy charge** നു മാത്രമാണെന്നും, **Fixed charge** ന് ബാധകമല്ലെന്നും എതിർകക്ഷി സ്ഥാപിക്കുമ്പോൾ ഇത് **fixed charge** നും ബാധകമാണെന്ന് പരാതിക്കാരൻ വാദിക്കുന്നു. **2020** ലെ **Solar Regulation** നിലവിൽ വന്നതിന് ശേഷമിറക്കിയിട്ടുള്ള താരിഫ് ഉത്തരവുകളിലൊന്നും തന്നെ ഇത് പ്രത്യേകം പരാമർശിച്ചിട്ടില്ല. കൂടാതെ ലൈസൻസി ഇറക്കിയിട്ടുള്ള സർക്കുലർ ശരിയല്ല എന്ന തീരുമാനം **KSERC** എടുത്തിട്ടില്ല. അതിനാൽ തന്നെ ഇതിനൊരു വ്യക്തത വരുത്തേണ്ടത് **Kerala State Electricity Regulatory Commission** ആണ്. **Fixed charge** എന്നത് ലൈസൻസി ഒരു ഉപഭോക്താവിന് വേണ്ടി സ്ഥാപിച്ചിട്ടുള്ള **Power Infrastructure** നിലനിർത്തുന്നതിന് വേണ്ടി വരുന്ന ചെലവിന്റെ ഒരു ഭാഗമാണ്. ഒരു ഉപഭോക്താവ് ലൈസൻസിയുമായി കരാറിലെത്തുമ്പോൾ ആ ഉപഭോക്താവിന്റെ **connected load** നുള്ള വൈദ്യുത ഉല്പാദന, പ്രസരണ, വിതരണ സംവിധാനം ലൈസൻസി നിലനിർത്തേണ്ടതുണ്ട്. ഉപഭോക്താവ് **solar plant** സ്ഥാപിച്ചാലും അത് **grid interactive** ആണെങ്കിൽ ഈ സംവിധാനം നിലനിർത്തിയാൽ മാത്രമേ ഉപഭോക്താവിന് തടസ്സം കൂടാതെ വൈദ്യുതി ലഭിക്കുകയുള്ളൂ. അതിനാൽ തന്നെ **Prosumers** ന് ഏതിന്റെ അടിസ്ഥാനത്തിൽ **Fixed Charge** ഈടാക്കേണ്ടത് എന്നത് കൃത്യമായും തീരുമാനിക്കേണ്ടതുണ്ട്. പ്രസ്തുത

വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തേണ്ടത് **KSERC** ആയതിനാൽ തൽസ്ഥിതി തുടരുകയേ നിർവ്വാഹമുള്ളൂ.

## തീരുമാനം

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. **CGRF** ന്റെ ഉത്തരവിനെ ശെരിവച്ചുകൊണ്ട് ഉത്തരവാകുന്നു.
2. മറ്റു ചെലവുകൾ ഒന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

**P/020/2025/** തീയതി : **23/04/2025.**

**അയക്കുന്നത്:**

**1.** ശ്രീ. ജയിംസ് കുട്ടി തോമസ്, അമ്പനാട്, സഹകരണ റോഡ്, ജനത, വൈറ്റില പി.ഒ എറണാകുളം-**682019**

**2.** അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, വൈറ്റില, എറണാകുളം ജില്ല.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, **KPFC** ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -**10.**
2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- **4.**
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രിവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കളമശ്ശേരി, എറണാകുളം - **683503**